**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 305** **24.06.2013-ൽ മറുപടിയ്ക്ക്**

## ദേശീയ ഗെയിംസ്

**ചോദ്യം**

**ശ്രീ.കെ.എൻ.എ.ഖാദർ**
**ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി**
**ശ്രീ.പി.കെ.ബഷീർ**
**ശ്രീ.എം.ഉമ്മർ**

(എ) ദേശീയ ഗെയിംസ് സംസ്ഥാനത്തു നടത്തുന്നതിന്റെ ഭാഗമായി നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങളുടെയും മറ്റനുബന്ധനടപടികളുടെയും സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(ബി) ഏതൊക്കെ പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് മത്സരങ്ങളും താമസസൗകര്യങ്ങളും ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

**മറുപടി**

**ശ്രീ.ഉമ്മൻ ചാണ്ടി**
**(മുഖ്യമന്ത്രി)**

(എ) ഉണ്ട്. 10 പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 15 സ്റ്റേഡിയങ്ങളുടെ നവീകരണവും 2013 ഡിസംബർ മാസത്തോടെ പൂർത്തിയാക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. (വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു). ദേശീയ ഗെയിംസ് സംഘാടക സമിതിയുടെ കീഴിൽ 20 സബ് കമ്മിറ്റികളും 7 പ്രാദേശിക കമ്മിറ്റികളും പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു. ദേശീയ ഗെയിംസ് സംഘാടകസമിതിയുടെ സുഗമമായ പ്രവർത്തനത്തിന് സഹായിക്കുന്നതിന് 27 പേർ അടങ്ങുന്ന എക്സിക്യൂട്ടീവ് കൗൺസിലും രൂപീകരിച്ചിട്ടുണ്ട്.

(ബി) ദേശീയ ഗെയിംസ് മത്സരങ്ങൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധവേദികളിലാണ് നടത്തുന്നത്. (വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു).

കായികതാരങ്ങളെയും ഒഫീഷ്യൽസിനേയും താമസിപ്പിക്കുന്നതിനുള്ള ഗെയിംസ് വില്ലേജ് പ്രീ-ഫാബ് ടെക്നോളജി ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ഇതിനായി തിരുവനന്തപുരത്ത് കഴക്കൂട്ടത്തിനടുത്ത് മേനംകുളത്ത് സിഡ്കോയുടെ ഉടമസ്ഥതയിലുള്ള 28 ഏക്കർ സ്ഥലം സർക്കാർ നാഷണൽ ഗെയിംസിനായി കൈമാറിയിട്ടുണ്ട്. ഗെയിംസ് വില്ലേജ് 2013 ഡിസംബറോടുകൂടി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുപുറമേ, വിവിധ വേദികളോടനുബന്ധിച്ച് കായികതാരങ്ങൾക്കും ഒഫീഷ്യൽസിനും ആവശ്യാനുസരണം താമസസൗകര്യം ഒരുക്കാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

---

(സി) മത്സരവേദികളുടെയും, താമസസൗകര്യമൊരുക്കുന്ന ഗെയിംസ് വില്ലേജുകളുടെയും ഭീമമായ വൈദ്യുതിയാവശ്യം നേരിടാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത് ;

(സി) കെ എസ് ഇ ബി യുടെ വൈദ്യുതി വിതരണം സ്റ്റാന്റ് ബൈ ആയി അത്യാവശ്യമേഖലകൾക്കു മാത്രം നിലനിർത്തിക്കൊണ്ട്, വാടകയ്ക്ക് എടുക്കുന്ന ജനറേറ്ററുകൾ ഉപയോഗിച്ചാണ് മത്സരവേദികളുടെ വൈദ്യുതിയാവശ്യം നേരിടാൻ തീരുമാനിച്ചിരിക്കുന്നത്. പ്രകാശതോത് ഉള്ളതും വൈദ്യുതി ഉപയോഗം കുറവുള്ളതുമായ സി എഫ് എൽ, പവർ എൽ.ഇ.ഡി എന്നിവ പരമാവധി ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഇതിനായി സൗരോർജ്ജം പരമാവധി ഉപയോഗപ്പെടുത്താനുള്ള പദ്ധതികൂടി ഇതോടൊപ്പം ആസൂത്രണം ചെയ്ത് നടപ്പാക്കുമോ ?

(ഡി) മത്സരവേദികളിൽ സൗരോർജ്ജം ഉപയോഗപ്പെടുത്താനുള്ള ചർച്ചകൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം I

## നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി

| ക്രമ നമ്പർ | സ്റ്റേഡിയം | നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി |
|---|---|---|
| | നവീകരണ പ്രവർത്തനങ്ങൾ | |
| 1. | കാർഷിക കോളേജ് ഇൻഡോർ ഹാൾ, വെള്ളായണി, തിരുവനന്തപുരം | 95% പണികൾ പൂർത്തീകരിച്ചു. ഫ്ളോറിംഗ് പണി തുടങ്ങി. ഇലക്ട്രിക്കൽ പണികൾ പൂർത്തിയാകാറായി. |
| 2. | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം | 95% |
| 3. | കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം | ഒന്നാംഘട്ടം പൂർത്തീകരിച്ചു. അധികമായി ചെയ്യേണ്ടിവന്ന പണി ആരംഭിച്ചു. |
| 4. | വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ | 95% |
| 5. | **വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്** | പൂർത്തീകരിച്ചു. |
| 6. | ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ, തിരുവനന്തപുരം | അഡീഷണൽ വർക്കിനുള്ള ദർഘാസ് ഉടൻ ക്ഷണിക്കുന്നതാണ്. |
| 7. | പിരപ്പൻകോട് നീന്തൽക്കുളം, തിരുവനന്തപുരം | അഡീഷണൽ വർക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി. |
| 8. | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ | ബേസ്മെന്റ് ഫ്ളോർ സ്ട്രക്ചറിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഗ്രൗണ്ട് ഫ്ളോർ റൂഫിന്റെ ഷട്ടറിംഗിന്റെ പണികൾ പുരോഗമിക്കുന്നു. |
| 9. | **യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം** | ഒന്നാംഘട്ടം പൂർത്തീകരിച്ചു. ഫ്ളഡ്ലൈറ്റ് സംവിധാനം ഏർപ്പെടുത്തുവാനുണ്ട്. |
| 10. | കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട് | 20% പൂർത്തീകരിച്ചു. പ്രവൃത്തി പുരോഗമിക്കുന്നു. |
| 11. | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി, എറണാകുളം | എസി കണ്ടൻസർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നിലവിലുള്ള സ്റ്റെയർ കേസുകൾ പൊളിച്ചുമാറ്റുന്ന പണി പൂർത്തിയായിട്ടുണ്ട്. ബാത്റൂമിലെ പ്ലംബിംഗ് പണികളും പൂർത്തിയാകും |

| | | |
|---|---|---|
| 12. | കേരള വാട്ടർ അതോറിറ്റി നീന്തൽകുളം, വെള്ളയമ്പലം, തിരുവനന്തപുരം | എഗ്രിമെന്റ് വെച്ച് പണി തുടങ്ങി |
| 13. | **ശംഖുമുഖം ഇൻഡോർ ഹാൾ (ഐ.ആർ.സി), തിരുവനന്തപുരം** | **100%** |
| 14. | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം | 90%<br>സിന്തറ്റിക് ട്രാക് നിർമ്മാണത്തിനുള്ള ദർഘാസ് സ്വീകരിച്ചു കഴിഞ്ഞു. |
| 15. | ഇൻഡോർ സ്റ്റേഡിയം, തൃപ്രയാർ, തൃശ്ശൂർ | അക്വാസ്റ്റിക്സ് പ്രവൃത്തികളുടെ ദർഘാസ് സ്വീകരിച്ചു കഴിഞ്ഞു. |
| | **പുതിയ സ്റ്റേഡിയങ്ങൾ** | |
| 1. | എൽ.എൻ.സി.പി.ഇ കാര്യവട്ടം, തിരുവനന്തപുരം | (ടി വർക്ക് CPWD യാണ് ചെയ്യുന്നത്) |
| 2. | ന്യൂ ഹോക്കി സ്റ്റേഡിയം, കൊല്ലം | പണി പുനരാരംഭിച്ചു. ഒന്നാം നിലയുടെ സ്ലാബ് വാർത്തു. സിന്തറ്റിക് ടർഫിംങ്നുള്ള ദർഘാസ് സ്വീകരിച്ചു |
| 3. | ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ | 20% കോളത്തിന്റെ പി.സി.സി. വർക്കും 12% ആർ.സി.സി വർക്കും പൂർത്തിയായി. |
| 4. | ന്യൂ ഫുട്ബോൾ സ്റ്റേഡിയം, മെഡിക്കൽ കോളേജ് ഗ്രൗണ്ട്, കോഴിക്കോട് | 99% പൂർത്തിയായി. ടർഫിന്റെ നിർമ്മാണത്തിനു വേണ്ടിയുള്ള ദർഘാസ് സ്വീകരിച്ചു. ഇലക്ട്രിക്കൽ പ്രവൃത്തികൾ കരാർ ഒപ്പിട്ടു. |
| 5. | ഷൂട്ടിംങ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം | പണി പുനരാരംഭിച്ചു.<br>25% പുരോഗതിയുണ്ട്. |
| 6. | ലോൺ ബോൾ കോർട്ട്, കൊച്ചി, എറണാകുളം | ദർഘാസ് ക്ഷണിച്ചു |
| 7. | ട്രാപ് ആന്റ് സ്കീറ്റ് ഔട്ട്ഡോർ ഷൂട്ടിംഗ് റേഞ്ച്, മുക്കുന്നിമല, തിരുവനന്തപുരം | മുക്കുന്നിമലയിൽ പ്രതിരോധ വകുപ്പിന്റെ സ്ഥലത്ത് റീ സർവ്വേ വർക്ക് കഴിഞ്ഞു. കരാറുകാരൻ എഗ്രിമെന്റ് വച്ചു. പ്രതിരോധ വകുപ്പുമായി എംഒയു ഒപ്പിടുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ് |
| 8. | സ്കോഷ് കോർട്ട്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, പാളയം, തിരുവനന്തപുരം | സിവിൽ പണി 20% പുരോഗതി നേടി സ്പോർട്സ് അനുബന്ധ പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചു |
| 9. | ട്രിവാൻഡ്രം ടെന്നീസ് കോംപ്ലക്സ്, കുമാരപുരം, തിരുവനന്തപുരം | സിവിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു 4 സിന്തറ്റിക് കോർട്ടിനുള്ള ദർഘാസ് ക്ഷണിച്ചു |
| 10. | ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം | 35% പൂർത്തീകരിച്ചു |



സെക്ഷൻ ഓഫീസർ